**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം.**
**(ഹാജർ: ഡോ.അദീല അബ്ദുള്ള, ഐ എ എസ്)**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - 31/10/2017 വരെ സേവനത്തിൽ പ്രവേശിച്ച കൃഷിഓഫീസർമാരുടെ സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നതിൽ ശ്രീ. വിമൽകുമാറിനെ revert ചെയ്തു എന്ന് രേഖപ്പെടുത്തിയിരുന്നത് താൽക്കാലിക കൃഷിഓഫീസർ എന്ന് തിരുത്തൽ വരുത്തി ഉത്തരവാകുന്നത് സംബന്ധിച്ച് -

പരാമർശം :-
1) ADFW/2290/2024-SD1 തിയതി 06/08/2024 നമ്പർ ഉത്തരവ്
2) സർക്കാർ കത്ത് നമ്പർ അഗ്രി ഇഎ2/274/2022 കൃഷി തിയതി 07/05/2024
3) O A No. 1805/2018 ന്റെ 26/09/2022 ലെ ഇടക്കാല ഉത്തരവ്

<u>ഉത്തരവ് നമ്പർ ADFW/2290/2024-SD1 തീയതി . 10-09-2024</u>

കൃഷിവകുപ്പിൽ 31/10/2017 വരെ സേവനത്തിൽ പ്രവേശിച്ച കൃഷിഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ആയതിൽ ക്രമനമ്പർ 64 ആയി ഉൾപ്പെടുത്തിയിരിക്കുന്ന ശ്രീ വിമൽകുമാറിനെ അച്ചടി പിശകായി 'reverted' എന്നാണ് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. പരാമർശം (2) പ്രകാരമുള്ള സർക്കാർ കത്തിൽ താൽക്കാലിക കൃഷിഓഫീസറായിരുന്ന ടിയാനെ റെഗുലറൈസ് ചെയ്ത നടപടി റദ്ദാക്കി താൽക്കാലിക കൃഷിഓഫീസറായി നിലനിർത്താൻ അറിയിച്ചിരുന്നു. ആയത് ഉത്തരവാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. പരാമർശം (3) പ്രകാരമുള്ള കോടതി ഉത്തരവിൽ അന്തിമ ഉത്തരവ് വരുന്നതുവരെ ടിയാനെ റിവെർട്ട് ചെയ്യരുതെന്ന് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ ശ്രീ വിമൽകുമാറിനെ റിവെർട്ട് ചെയ്തു എന്ന് അച്ചടി പിശകായി റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തിയത് താൽക്കാലിക കൃഷിഓഫീസറായി നിലനിറുത്തുന്നു എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു. ടി ഉത്തരവ് പ്രകാരമുള്ള മറ്റെല്ലാ വിവരങ്ങളും അതേപടി നിലനിൽക്കുന്നതാണ്.

Signed by
Adeela Abdulla
Date: 10-09-2024 14:34:27

Dr ADEELA ABDULLA IAS
DIRECTOR

സ്വീകർത്താവ്

ശ്രീ വിമൽകുമാർ, കൃഷിഓഫീസർ,
KB ചെറിന്നിക്കൻ.

<u>പകർപ്പ്</u>

- എല്ലാ പ്രിൻസിപ്പൽ കൃഷിഓഫീസർമാർക്കും
- കൃഷിഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും
- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (ഐ റ്റി സെൽ) ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്